6.	ജലവിതരണപദ്ധതി	5 ലക്ഷം രൂപ
7.	മുഴുപ്പിലങ്ങാട് സെൻട്രൽ പാർക്കിന്റെ വികസനം	10 ലക്ഷം രൂപ
8.	തലശ്ശേരിയിലെ സ്മാരകങ്ങളുടെ വികസനം	5 ലക്ഷം രൂപ
9.	പയ്യാംപലം ബീച്ചിൽ സംസ്ക്കാരിക പരിപാടി	3 ലക്ഷം രൂപ
10.	കരകൗശല കൈത്തറി വിപണശാല	5 ലക്ഷം രൂപ

(സി) കടലോര നടപ്പാത ദീർഘിപ്പിക്കുവാനുള്ള നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(ഡി) ഉണ്ട്.

ബി.ആർ.ഡി.സി.യുടെ ആസ്ഥാനം

147 (3337) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേക്കൽ റിസോർട്ട് ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ ആസ്ഥാനം ഇപ്പോൾ എവിടെയാണ് സ്ഥിതി ചെയ്യുന്നത്.

(ബി) അത് പദ്ധതി പ്രദേശത്തുതന്നെ സ്ഥാപിക്കണം എന്നത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടി ആണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബി.ആർ.ഡി.സിയുടെ രജിസ്ട്രേഡ് ഓഫീസ് തിരുവനന്തപുരത്തും പ്രോജക്ട് ഓഫീസ് കാസർകോഡ് ജില്ലയിലെ ഉദുമയിലുമാണ് സ്ഥിതി ചെയ്യുന്നത്.

(ബി) ഉണ്ട്.

(സി) ഇക്കാര്യം സജീവമായി പരിഗണിച്ചുവരുന്നു.

നോട്ടറി നിയമനം സംബന്ധിച്ച മാനദണ്ഡം

148 (3338) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോട്ടറി നിയമനം സംബന്ധിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) കേരളത്തിൽ വിവിധ കോടതികളിലായി എത്രപേർ നോട്ടറിയായി പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്രപേരെ നോട്ടറിയായി നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) നോട്ടറിയായി നിയമിക്കപ്പെടുന്നവരിൽ നിന്നും ഫീസ് ഈടാക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും വ്യവസ്ഥ നിലവിലുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1952-ലെ നോട്ടറീസ് ആക്റ്റിലെ 3-ാം വകുപ്പിലെയും 1956-ലെ നോട്ടറീസ് റൂൾസിലെ 4,6,7,8 ചട്ടങ്ങളിലെയും വ്യവസ്ഥകൾ അനുസരിച്ചാണ് നോട്ടറിമാരെ നിയമിക്കുന്നത്.

(ബി) സംസ്ഥാനത്തൊട്ടാകെ ഇപ്പോൾ 773 പേർ നോട്ടറിമാരായി പ്രവർത്തിക്കുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 258 പേർ നോട്ടറിമാരായി നിയമിതരായിട്ടുണ്ട്.

(ഡി) ഫീസ് ഈടാക്കുന്നതിനെ സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥയുണ്ട് ; 1956 ലെ നോട്ടറീസ് റൂൾസിലെ റൂൾ 9 അനുസരിച്ച് നോട്ടറിയായി നിയമിക്കപ്പെടുന്ന ആൾ സർട്ടിഫിക്കറ്റ് ഓഫ് പ്രാക്ടീസ് ലഭിക്കുന്നതിലേക്കായി 1,000 രൂപ ഫീസ് സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

16192/99-ാം നമ്പർ കേസ്സിൽ സർക്കാരിനുവേണ്ടി ഹാജരായ അഡ്വക്കേറ്റ്

149 (3339) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിനു വേണ്ടി ഹൈക്കോടതിയിലെ ഒ.പി. നമ്പർ 16192/99 കേസ് വാദിക്കാൻ ആരാണ് ഹാജരായത് ;

(ബി) ഈ കേസ് വാദിക്കാനായി ഹാജരായ അഡ്വക്കേറ്റിന് ഫീസിനത്തിൽ എന്തു തുക ഇതുവരെ നൽകിയിട്ടുണ്ട് ;

(സി) ഈ അഡ്വക്കേറ്റ് വേറെ ഏതെങ്കിലും കേസിൽ സർക്കാരുമായി ബന്ധപ്പെട്ടതോ, സംസ്ഥാനത്തു നടന്ന തിരഞ്ഞെടുപ്പു കേസുമായി ബന്ധപ്പെട്ട കേസുകളിൽ സംസ്ഥാന സർക്കാരിന് വേണ്ടിയോ സർക്കാരിന് എതിരെയോ വാദിച്ചിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്ത് നടന്ന ഇലക്ഷൻ കേസിൽ ഏതിലെങ്കിലും ഈ അഡ്വക്കേറ്റ് സുപ്രീം കോടതിയിൽ ഹാജരായിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഇ) ഇത്ര ഭീമമായ തുക ഈ അഡ്വക്കേറ്റിന് നൽകാനുണ്ടായ കാരണം എന്തെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly